പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.863 — 30.06.2011 - ൽ മറുപടിക്ക്

# ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നയം എന്താണെന്ന് വ്യക്തമാക്കാമോ; വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) എൻ.എച്ച്.47 ഉം, എൻ.എച്ച്.17 ഉം എൻ.എച്ച്.ഡി.പി. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 4/6 വരി പാതയാക്കി ബി.ഒ.ടി.വ്യവസ്ഥയിൽ ദേശീയപാതാ അതോറിറ്റി മുഖേന വികസിപ്പിക്കുവാനും ബാക്കിയുള്ള എൻ.എച്ച്. 49, 208, 212, 213, 220 എൻ.എച്ച്. ഡി.പി. നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരി പാതയായി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ DBFOT സ്കീമിൽ വികസിപ്പിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എൻ.എച്ച്.47 എൻ.എച്ച്.17 എന്നിവയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ദേശീയ പാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് മുൻ സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പുനരധിവാസ പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ദേശീയപാതാ 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് മുൻ സർക്കാർ ഒരു പുനരധിവാസപാക്കേജ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കമ്പോളവില നൽകുക. വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെതൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്ന രഹിതമായി സ്ഥലമെറ്റെടുപ്പ് പ്രക്രിയ നടത്തുക. ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോമ്പ്ലക്സ് /വീട് എന്നിവ നിർമ്മിച്ച് നൽകുക. സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വില നിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക. വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക. സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispule Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ |

കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക. പൊളിച്ചു മാറ്റപ്പെടേണ്ടി വരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(സി) സർവ്വകക്ഷി യോഗത്തിൽ ചർച്ചചെയ്ത് തയ്യാറാക്കിയ പ്രസ്തുത പാക്കേജിനെ സംബന്ധിച്ച് ഇപ്പോഴത്തെ നിലപാട് വ്യക്തമാക്കാമോ?

(സി) ഈ വിഷയം വിശദമായി പരിശോധിച്ച് വിവിധതലത്തിൽ ചർച്ചചെയ്ത് അന്തിമ തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ